**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **30-08-2022 - ൽ മറുപടിയ്ക്ക്**

**പാലാ മണ്ഡലത്തിലെ റോഡുകളുടെ പുനർനിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അടുത്തിടെയുണ്ടായ വെള്ളപ്പൊക്കത്തിലും ഉരുൾപ്പൊട്ടലിലും പാലാ നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് റോഡുകൾ തകർന്ന് ഗതാഗതത്തിനും കാൽനടയാത്രക്കും യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ തകർന്ന റോഡുകൾക്ക് അടിയന്തിര പ്രാധാന്യം നൽകി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പാലാ സെക്ഷന് കീഴിൽ പാലാ റിവർവ്യൂ റോഡിൽ മീനച്ചിൽ ആറ്റിൽ നിന്നും വെള്ളം കയറി റോഡിൽ കുഴികൾ രൂപപ്പെട്ടിരുന്നു. കൂടാതെ പുനലൂർ മൂവാറ്റുപുഴ ഓൾഡ് റോഡിൽ മഹാറാണി തീയേറ്റർ റൗണ്ടാനക്കു സമീപവും ശക്തമായ മഴ കാരണം കുഴികൾ രൂപപ്പെട്ടിരുന്നു. നിലവിൽ റിവർവ്യൂ റോഡിൽ പ്രീമൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി കുഴികൾ താൽകാലികമായി അടച്ചിട്ടുള്ളതും കൂടാതെ ടി റോഡിൽ ബി.സി.ഓവർലേ ചെയ്യുന്നതിനുള്ള പ്രവൃത്തി എഗ്രിമെന്റ് നടപടി ക്രമത്തിലുമാണ്. ഓൾഡ് പുനലൂർ മൂവാറ്റുപുഴ റോഡ്, മഹാറാണി തീയേറ്റർ റൗണ്ടാന എന്നീ ഭാഗങ്ങളിലെ കുഴികൾ റണ്ണിംഗ് കോൺട്രാക്ട് ക്ലസ്റ്റർ -2 സോൺ 4 പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിലവിൽ കുഴികൾ അടച്ചിട്ടുണ്ട്.<br><br>മേലുകാവ് സെക്ഷന് കീഴിലുള്ള കാഞ്ഞിരം കവല മേച്ചാൽ റോഡിൽ 8 കോടി രൂപയുടെ പ്രവൃത്തി ക്രമീകരിച്ചിരുന്നതും 84 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചിരുന്നതുമായിരുന്നു. എന്നാൽ പ്രളയം മൂലം ഏകദേശം 40 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതും നിലവിൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും ഭാവിയിൽ പ്രതികൂല സാഹചര്യം മൂലം തുടർന്നുണ്ടാകാൻ സാധ്യതയുള്ള കേടുപാടുകൾ ഒഴിവാക്കി റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിനും ഇപ്പോഴത്തെ |

| | | | |
|---|---|---|---|
| | | | നാശനഷ്ടം പരിഹരിക്കുന്നതുൾപ്പെടെ ഏകദേശം ഒരു കോടി രൂപ ആവശ്യമായി വരുന്നതുമാണ്.<br><br>ഈരാറ്റുപേട്ട റോഡ് സെക്ഷന് കീഴിലുള്ള വിവിധ റോഡുകളിൽ മണ്ണിടിച്ചിൽ മൂലം ഗതാഗതം തടസ്സപ്പെട്ടതിനെ തുടർന്ന്, വാഹനഗതാഗതം സാധ്യമാകുന്ന രീതിയിൽ നിലവിൽ റോഡ് പുനഃക്രമീകരിച്ചിട്ടുള്ളതും നിലവിൽ പ്രവൃത്തി ക്രമീകരിച്ചിട്ടുള്ള ഭാഗങ്ങളിൽ അനുബന്ധ പ്രവൃത്തികൾ ചെയ്ത് വരികയുമാണ്. |

സെക്ഷൻ ഓഫീസർ